
# അങ്ങനെ അരവിന്ദൻ മാളയായി

**മാള കേരള രാഷ്ട്രീയത്തിലും മലയാള സിനിമയിലും വേരുപിടിച്ച സ്ഥലമാണ്. കണ്ണൂർക്കാരനായ മുൻമുഖ്യമന്ത്രി കെ. കരുണാകരൻ മാളയെ സ്വന്തം തട്ടകമാക്കി. ഹാസ്യനടനായ അരവിന്ദനും മാളയിൽ കുടിയേറി മാളയ്ക്ക് പ്രശസ്തിയുണ്ടാക്കി. വാസ്തവത്തിൽ വടവാതൂർകാരനാണ് മാള അരവിന്ദൻ.**

സംജദ് നാരായണൻ


എറണാകുളം ജില്ലയിലെ വടവാതൂർക്കാരനായ അരവിന്ദൻ തൃശ്ശൂർ ജില്ലയിലെ മാള അരവിന്ദനായതിനുപിന്നിൽ ഒരു സ്ഥലംമാറ്റമാണ് കാരണം. എൽ.പി. സ്കൂൾ അധ്യാപികയായിരുന്ന അമ്മയ്ക്ക് കിട്ടിയ സ്ഥലംമാറ്റം. മാളയിലേക്കുള്ള ആ മാറ്റം ഏറ്റവും ഗുണം ചെയ്തത് മക്കളിൽ അരവിന്ദനും. മലയാളം അറിയാവുന്നവനോട് 'മാള' എന്നുപറഞ്ഞാൽ അവന്റെ മനസ്സിൽ മാള എന്ന ദേശത്തിന്റെ ഭൂമിശാസ്ത്രമായിരിക്കില്ല, മറിച്ച് മാള അരവിന്ദൻ എന്ന അഭിനേതാവിന്റെ മുഖമായിരിക്കും തെളിയുക. ഒരു ദേശം മുഴുവൻ ഒരു വ്യക്തിയിലൂടെ അറിയപ്പെടുക അല്ലെങ്കിൽ




വിസ്തൃതമായ ഒരു ഭൂപ്രകൃതി ഒരു വ്യക്തിയിലേക്ക് ഒതുങ്ങുക-വളരെ ചുരുക്കം ചിലർക്ക് മാത്രം ലഭിക്കുന്ന ഒരു ഭാഗ്യം.

''ഞാൻ ശരിക്കും ഭാഗ്യവാനാണ്. അപൂർവമായി കിട്ടുന്ന ഒരു ഭാഗ്യത്തിനുടമ. കാരണം, ഒരു നാടിന്റെ പേരിൽ അറിയപ്പെടാൻ കഴിഞ്ഞില്ലേ. ഇപ്പോ ടാറ്റയുടെ മകൻ....എന്താ അദ്ദേഹത്തിന്റെ പേര്....ദൊരസ്ജിഗോവ എന്നു വിചാരിക്ക്. ഒരറുന്നൂറ് കോടി രൂപ മുടക്കിയാൽ അദ്ദേഹത്തിന് ഇതുപോലെ അറിയപ്പെടാൻ കഴിയോ.''

അരവിന്ദൻ പറഞ്ഞതു വാസ്തവമാണ്. അവരവരുടെ ദേശത്തിന്റെ നാമങ്ങളിലൂടെ അറിയപ്പെടുന്നവർ എത്രപേരുണ്ട്? സിനിമാരംഗത്തു നോക്കിയാൽ ഒരടൂരോ, ഒരു തിക്കുറിശ്ശിയോ, ഒരു ജഗതിയോ കാണും. ചെമ്പ് എന്നുപറഞ്ഞാൽ അത് മമ്മൂട്ടിയുടെ പേരായി നമുക്ക് തോന്നുമോ? മുടവൻമുകൾ എന്നുപറഞ്ഞാലത് മോഹൻലാലിന്റെ പേരായി തോന്നുമോ? എന്നാൽ, മാള എന്നുപറഞ്ഞാൽ നമുക്കത് അരവിന്ദന്റെ പേരായിത്തന്നെ തോന്നും.




*മാള അരവിന്ദൻ*
*(ചിത്രം: ജമേഷ് കോട്ടക്കൽ)*



ഹാസ്യസമ്രാട്ടുമാരായി ഭാസിയും ബഹദൂറും മലയാള സിനിമയിൽ വിലസുന്ന കാലത്തുതന്നെയാണ് അരവിന്ദൻ സിനിമയിലെത്തിയത്. 1968-ൽ ഡോ. ബാലകൃഷ്ണന്റെ 'സിന്ദൂരം' എന്ന ചിത്രത്തിൽ 60 വയസ്സുള്ള ഒരു ഗ്യാസ്ട്രബിൾ പേഷ്യന്റിനെ അവതരിപ്പിച്ചുകൊണ്ടായിരുന്നു സിനിമയിലേക്കുള്ള അരങ്ങേറ്റം. 'രസന' എന്ന നാടകത്തിൽ ചെല്ലപ്പൻ എന്ന കഥാപാത്രത്തെ അരവിന്ദൻ അവതരിപ്പിച്ചതു കണ്ട് സംവിധായകൻ പി. ചന്ദ്രകുമാറാണ് അരവിന്ദനെ സിനിമയിലേക്ക് ക്ഷണിച്ചത്.

സിനിമയിലേക്കു കടന്നുവരുമ്പോൾ അരവിന്ദനുണ്ടായിരുന്നത് നാടകരംഗത്തെ കുറച്ചു പരിചയവും പിന്നെ കുറേയേറെ ആത്മവിശ്വാസവുമാണ്. ഹാസ്യത്തിന്, മുമ്പുള്ളവരും അന്നുള്ളവരും നല്കിയ രൂപം ശ്രദ്ധിക്കാതെ അരവിന്ദൻ തന്റേതായ ഒരു ശൈലി രൂപപ്പെടുത്തി. സംഭാഷണങ്ങൾ പറയുന്നതോടൊപ്പംതന്നെ മുഖത്തെ മാറ്റവും പിന്നെ ചില അധിക സ്വരങ്ങളുമെല്ലാം അരവിന്ദനെ വ്യത്യസ്തനാക്കി. ഓടിയും ചാടിയും തുമ്മിയും ചീറ്റിയും, സംഭാഷണങ്ങളിൽ വേഗത നിലനിർ



മീന, മാള



ത്തിയുമെല്ലാം അരവിന്ദൻ പതുക്കെ മാറുകയായിരുന്നു. സ്വന്തമായി പ്രയോഗിച്ച ശൈലി പ്രേക്ഷകർ ഇഷ്ടപ്പെടുകകൂടി ചെയ്തപ്പോൾ മാറ്റം ഏകദേശം പൂർണമായി. അങ്ങനെ, അരവിന്ദൻ പ്രേക്ഷകർക്ക് മാളയായി.....

പ്രശസ്തിയും, ജീവിക്കാൻ അത്യാവശ്യം പണവും സൗകര്യവുമൊക്കെ ഉള്ള മാള അരവിന്ദൻ പതുക്കെ തന്റെ സ്വകാര്യ ജീവിതത്തെക്കുറിച്ച് പറഞ്ഞുതുടങ്ങി. ''എന്റെ ഇപ്പോഴത്തെ സന്തോഷമെന്താണെന്നറിയോ? പഴയ കാലത്ത് ഞാനനുഭവിച്ച കഷ്ടപ്പാടുകൾ അയവിറക്കുന്നതാണ് ഇന്നെന്റെ സന്തോഷം. വടവാതൂരിൽനിന്നും മാളയിലെത്തി കുറച്ചു സ്ഥലവും ഒരു ചെറിയ വീടും വെച്ച് താമസിച്ച് അധികം കഴിയുന്നതിനുമുമ്പ് അമ്മ റിട്ടയർചെയ്തു. വീട്ടിൽ ദാരിദ്ര്യമായി.''

ഇതിനിടയിൽ പത്താംതരം പാസ്സായ അരവിന്ദൻ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ 'ഒന്നു തലകാണിച്ചു മുങ്ങി'.


കാരണം, കഷ്ടപ്പാടുതന്നെ. പിന്നെ നാടകാഭിനയം. തബലവായന-ജീവിക്കാനുള്ള തത്രപ്പാടുകൾ. അമ്മയുടെ സംഗീതവാസനയും അച്ഛന്റെ ഹാസ്യഗന്ധവും അരവിന്ദന് ജന്മനാ കിട്ടിയിട്ടുണ്ട്. നാലാംക്ലാസ്സ് മുതൽ കൊച്ചിൻ മുഹമ്മദ് ഉസ്താദ് ചൊല്ലിയും, തബലയിൽ കൊട്ടിയും പറഞ്ഞുകൊടുത്ത പാഠങ്ങൾ....ഇതൊക്കെയാണ് പിന്നീടുള്ള ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ അരവിന്ദനെ സഹായിച്ചത്.

പ്രാരബ്ധങ്ങൾക്കു നടുവിൽ തന്റെ പതിനെട്ടാമത്തെ വയസ്സിൽ അരവിന്ദന് അന്നക്കുട്ടിയെ വിവാഹം കഴിക്കേണ്ടിവന്നു. അന്നക്കുട്ടിക്ക് അന്ന് വയസ്സ് പന്ത്രണ്ട്. സ്കൂളിൽ വെച്ചു തുടങ്ങിയ പ്രണയത്തിന്റെ സാഫല്യമായിരുന്നു ആ വിവാഹം. (അന്നക്കുട്ടിയെ അരവിന്ദനിന്നു വിളിക്കുന്നത് ഗീതയെന്നാണ്).

''അവളൊരു പാവപ്പെട്ട വീട്ടിലേതായിരുന്നു. ഞാൻ അതിലും വലിയ പാവപ്പെട്ട വീട്ടിലേതും. ചെറുപ്പത്തിൽ എന്റെ മനസ്സിലുണ്ടായ രൂപംതന്നെയായിരുന്നു അവൾക്ക്. വെളുത്തുമെലിഞ്ഞ ഒരു പാവം പെണ്ണ്.''

അരവിന്ദനിതു പറഞ്ഞു നിർത്തിയപ്പോൾ ഗീത ചായയുമായെത്തി. ടീപ്പോയിൽ ചായ എടുത്തുവെയ്ക്കുമ്പോൾ അരവിന്ദൻ ഗീതയോട് പറഞ്ഞു. 'ഞാൻ നമ്മുടെ ലവ്വിനെക്കുറിച്ച് പറയുകയായിരുന്നു.' ഉള്ളിൽ തോന്നിയ നാണം പുറത്തുകാട്ടാതെ അവർ അരവിന്ദനോട് പറഞ്ഞു: ''അതേയ്.....ഇതധികം കഴിക്കേണ്ട.'' ഗീത അകത്തേക്കു നടക്കുമ്പോൾ അരവിന്ദൻ അടക്കംപറഞ്ഞു. ''അവൾക്കെന്നെ ജീവനാ......''

മാള, ഇന്നസെൻറ്



മാള




സംസാരം വീണ്ടും പഴയ കാലത്തിലേക്കു തിരിഞ്ഞു. വിവാഹശേഷം അരവിന്ദന് രണ്ടു കുട്ടികൾ ജനിച്ചു. മ

കൾ കലയും മകൻ മുത്തുവും. ഉത്തരവാദിത്വങ്ങളും പിന്നെയും കൂടിയെന്നർത്ഥം. ''ഞാൻ പതിനെട്ടാമത്തെ വയസ്സിൽ വിവാഹം കഴിച്ചത് എന്റെ ഇഷ്ടത്തിനാണ്. പിന്നീടുണ്ടായ കഷ്ടപ്പാടുകൾ സഹിച്ചതും സ്വയംതന്നെയാണ്. അന്ന് നാടകം കളിച്ചും തബലകൊട്ടിയും കിട്ടുന്ന കാശുകൊണ്ട് കഷ്ടിച്ചുള്ള ജീവിതമായിരുന്നു. ആ കാലത്തെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിൽ മായാതെ കിടക്കുന്ന ഒരു രംഗമുണ്ട്. ഒരിക്കൽ ഞാൻ നാടകം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ കുഞ്ഞായിരുന്ന മകൾ കല എന്റെടുക്കലെത്തി പറഞ്ഞു-അച്ഛാ, ഇന്ന് നമ്മുടെ വീട്ടിൽ ചോറാ......പാവം ഒരുപാട് നേരം കഞ്ഞിവെള്ളം കുടിച്ച് കിടന്നതിനുശേഷം ഒരു നേരം ചോറുണ്ണാൻ പറ്റുമല്ലോ എന്ന സന്തോഷത്തിലായിരുന്നു അവൾ. ഇന്നവൾ കോടീശ്വരന്റെ ഭാര്യയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ജീവിതം നമ്മുടെയൊക്കെ സങ്കല്പങ്ങൾക്കെല്ലാം അപ്പുറത്താണെന്ന്.''



അതെ, ഇന്ന് അരവിന്ദന് കഷ്ടപ്പാടുകളില്ല. സുഖവും സ്വസ്ഥതയുമുള്ള ജീവിതം. പ്രശസ്തി. എന്നാലും പഴയതൊന്നും മറക്കാൻ അരവിന്ദൻ തയ്യാറല്ല. മാളയിലെ കോട്ടവാതിൽ എന്ന സ്ഥലത്തുള്ള വീട്ടിലിരുന്ന് ഗൗരവമുള്ള കൂടുതൽ കഥാപാത്രങ്ങളെ അവതരിപ്പിക്കണമെന്ന മോഹം പങ്കുവെക്കുകയായിരുന്നു അരവിന്ദൻ. വാക്കുകൾകൊണ്ട് പറഞ്ഞറിയിക്കാൻ കഴിയാത്ത മാള അരവിന്ദന്റെ അഭിനയ ശൈലി കണ്ട് ആസ്വദിക്കാൻ തന്നെയുള്ളതാണ്. കാണിക്കുന്ന ഓരോ കാര്യവും എങ്ങനെ എഴുതിഫലിപ്പിക്കും എന്നുള്ളതാണ് ഈ അഭിനേതാവിന് മുന്നിലിരിക്കുമ്പോഴുള്ള ചിന്ത. ഡയലോഗ് കോമഡിയേക്കാൾ ആക്ഷൻ കോമഡി ചെയ്യുന്ന 'മാള' ശരിക്കും തയ്യാറെടുക്കുകയാണ്. തന്റെ മനസ്സിൽ ഏറെ നാളായി കൊണ്ടുനടക്കുന്ന ഒരു കഥാപാത്രത്തെ അവതരിപ്പിക്കാൻ.

●



ജഗതി, മാള